"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.രാജു.റ്റി, രഞ്ചു നിവാസ്, കടുവിനാൽ.പി.ഒ, വള്ളിക്കുന്നം, മാവേലിക്കര സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.511/2026/ID തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-

1. ആലപ്പുഴ ജിയോളജിസ്റ്റിന്റെ 12/04/2022 തീയതിയിലെ ഡിഎ/67/എംഎം/2022 നമ്പർ നടപടിക്രമം
2. ശ്രീ.രാജു.റ്റി, രഞ്ചു നിവാസ്, കടുവിനാൽ.പി.ഒ, വള്ളിക്കുന്നം, മാവേലിക്കര 12/10/2023- തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 24-06-2025 തീയതിയിലെ ഡിഎംജി/921/2025-എം1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മാവേലിക്കര താലൂക്കിൽ വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ലും റീസർവ്വേ നമ്പർ.446/1-ൽപ്പെട്ടതും താങ്കളുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും ഗൃഹനിർമ്മാണത്തിൻ്റെ ഭാഗമായി 1911 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയതിനെ തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ ടി അനുമതിയുടെ മറവിൽ അനുമതി നൽകിയ ഏരിയയുടെ പുറത്തു നിന്നും അനുവദിച്ചതിൽ കൂടുതലായി 2961 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് അനധികൃതമായി ഖനനം ചെയ്ത് കടത്തിയതായി ബോധ്യപ്പെട്ടു. ടി സാഹചര്യത്തിൽ അനധികൃതമായി ഖനനം ചെയ്ത 2961 ക്യൂബിക് മീറ്റർ (5922 മെട്രിക് ടൺ) സാധാരണ മണ്ണിന് റോയൽറ്റിയുടെ 5 ഇരട്ടിതുകയായ 592200/- രൂപ (അഞ്ചലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് 12/04/2022-ൽ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി **24/04/2026-ന്** നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, ആലപ്പുഴ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ കക്ഷി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

താൻ അനുവദനീയമായ അളവിൽ മാത്രമേ ഖനനം നടത്തിയിട്ടുള്ളൂ എന്നും, ജില്ലാ

ഓഫീസിൽ നിന്നുള്ള പരിശോധന തന്നെ അറിയിക്കാതെയോ തന്റെ സാന്നിധ്യത്തിലോ അല്ല നടന്നതെന്നും, അതിനാൽ ഡിമാൻഡ് നോട്ടീസ് റദ്ദാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

4. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം -14 (2) പ്രകാരം വള്ളിക്കുന്നം വില്ലേജിൽ ബ്ലോക്ക് 16 ൽ, അപ്പലന്റിന്റെ കൈവശത്തിൽ ഉൾപ്പെട്ടതുമായ റീ സർവേ നമ്പർ 446/1-ൽ നിന്നും ഗൃഹനിർമ്മാണത്തിൻ്റെ ഭാഗമായി 1911 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കംചെയ്യുന്നതിന് 04.3.2022 തീയതിയിൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 191 ട്രാൻസിറ്റ് പാസുകൾ അനുവദിച്ചിരുന്നു. വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച ബിൽഡിങ് പെർമിറ്റ്, ഡവലപ്മെന്റ് പെർമിറ്റ്, ഡവലപ്മെന്റ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് ചട്ടം 14(2) പ്രകാരം പ്രസ്തുത അനുമതി നല്കിയിട്ടുള്ളത്. അനുമതി ഉത്തരവിന് 07.03.2022 മുതൽ 10.03.2022 വരെ കാലാവധി അനുവദിച്ചിരുന്നു.

മേൽ പരാമർശിത സ്ഥലത്ത് ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ് എന്നിവർ 17.3.2022 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ 64 മീറ്റർ നീളത്തിലും X 25.5 മീറ്റർ വീതിയിലും x 2.4 മീറ്റർ താഴ്ചയിലും ആകെ 3916.8 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കിയതായി കണ്ടെത്തുകയും അനുവദിച്ചതിൽ അധികമായി 2916 ക്യുബിക് മീറ്റർ (3916.8 - 955.71 = 2961 ക്യുബിക് മീറ്റർ) നീക്കിയതായി റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

സ്ഥലപരിശോധനയെ തുടർന്ന് 18.3.2022 തീയതിയിൽ സ്ഥലമുടമയ്ക്ക് കാരണംകാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ആയതിനു 06.04.22 തീയതിയിൽ അപ്പലന്റ് നല്കിയ മറുപടി ഇപ്രകാരമാണ്. "സ്ഥലപരിശോധന പ്രകാരം എരിയയുടെ പുറത്തുനിന്നും കൂടുതൽ മണ്ണ് നീക്കം ചെയ്തതായി തെളിഞ്ഞിട്ടുള്ളതാകയാൽ ടി അനധികൃത ഖനനം മേലിൽ ആവർത്തിക്കുകയില്ലെന്നും മാപ്പാക്കി ശിക്ഷ ഇളവ് ചെയ്തു തരണമെന്നുമപേക്ഷിക്കുന്നു". അതായത് അധിക ഖനനം അപ്പലന്റ് അംഗീകരിച്ചിട്ടുള്ളതും എന്നാൽ ശിക്ഷ ഇളവ് ചെയ്യണം എന്നുമാത്രമാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളതെന്നും കാണുന്നു. പ്രസ്തുത മറുപടി ചട്ടപ്രകാരമുള്ള തുടർനടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കുവാൻ പര്യാപ്തമല്ല എന്നതിനാൽ 12.4.2022 തീയതിയിൽ ഡിമാൻഡ് നോട്ടീസ് നല്കിയിരുന്നു.

അനുവദിച്ച എരിയയ്ക്ക് പുറത്തു നിന്നും ഖനനം ചെയ്ത സാധാരണ മണ്ണിന് ചട്ടം 14 (4) പ്രകാരം 5 മടങ്ങ് റോയൽറ്റി ഒടുക്കുവാൻ അപ്പലൻ്റ് ബാധ്യസ്ഥനാണ്.

<u>കുടിശിക കണ്ടെത്തിയ വിധം</u>

1) ആകെ നീക്കം ചെയ്ത ധാതു = 3916.8 ക്യുബിക് മീറ്റർ

2) നീക്കം ചെയ്യുവാൻ അനുവദിച്ച ധാതു = 955.71 ക്യുബിക് മീറ്റർ

3) അനധികൃതമായി നീക്കം ചെയ്ത ധാതു (1) - (2) = 2961 ക്യൂബിക് മീറ്റർ (5922 മെ. ടൺ)

4) 5 മടങ്ങ് റോയൽറ്റി (@ 20 രൂപ/- മെട്രിക് ടൺ) = 5922 x 5 x 20= 5,92,200/-

ഡിമാൻഡ് നോട്ടീസിനെ തുടർന്ന് 25.4.22 തീയതിയിൽ അപ്പലന്റ് നല്കിയ മറുപടിയിലും താൻ അനുവദിച്ചതിൽ കൂടുതൽ സ്ഥലത്ത് നിന്നും മണ്ണ് നീക്കിയതായും തന്റെ രോഗചികിൽസ, മകളുടെ വിവാഹം എന്നിവ മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് ഇങ്ങനെ ചെയ്തതെന്നും ആയതിനാൽ കുടിശിക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു. തുടർന്ന് ഡിമാൻഡ് നോട്ടീസിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ അപ്പീൽ ഹർജി സമർപ്പിക്കാമെന്ന് ജില്ലാ ഓഫീസിൽ നിന്നും അപ്പലന്റിന് കത്ത് നല്കിയിരുന്നതുമാണ്.

എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ ഹർജി സമർപ്പിക്കുകയോ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയോ കുടിശിക ഒടുക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ 17.10.22 ലെ നടപടിക്രമത്തിലൂടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 30.11.2022-ൽ ഓൺലൈൻ ആയി ഫാറം-24 സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

കാരണംകാണിക്കൽ നോട്ടീസിനും ഡിമാൻഡ് നോട്ടീസിനും നല്കിയ മറുപടിയിൽ അനധികൃത ഖനനം അപ്പലന്്റ് രേഖാമൂലം സമ്മതിക്കുകയുണ്ടായി. സ്ഥല പരിശോധനയ്ക്ക് ശേഷം ഒരു ഘട്ടത്തിലും ടിയാൻ അളവെടുപ്പിനെ ചോദ്യം ചെയ്തിട്ടില്ല എന്നും ആയതിനാൽ അനുവദിച്ചതിൽ അധികം ഖനനം നടത്തിയില്ലെന്ന അപ്പീൽ ഹർജിയിലെ വാദം പരിഗണനാർഹമല്ല എന്നും സർക്കാരിന്്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ ഡിമാൻഡ് നോട്ടീസ് ശരിവച്ച്, കുടിശിക ഒടുക്കുവാൻ അപ്പലന്റിന് നിർദ്ദേശം നല്കി ഉത്തരവാകണമെന്ന് ജിയോളജിസ്റ്റ് ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ, അപ്പീൽ ഹർജിയിലെ വാദം പരിഗണനാർഹമല്ലെന്നും ഡിമാൻഡ് നോട്ടീസ് ശരിവെച്ച് അപ്പീൽ കക്ഷിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും മൈനിംഗ് & ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജി നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി ഇക്കാര്യം പരിശോധിച്ചു. പരിശോധനാ നോട്ടീസ് അപ്പീൽ ഹർജിക്കാരന് നൽകി ടിയാന്റെ സാന്നിധ്യത്തിലല്ല പരിശോധന നടത്തിയതെന്നും പരിശോധന സംബന്ധിച്ച മഹസർ തയ്യാറാക്കിയിട്ടില്ലെന്നുമുള്ള അപ്പീൽ കക്ഷിയുടെ വാദത്തിൽ കഴമ്പുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ, അപ്പീൽക്കാരന്റെ സാന്നിധ്യത്തിൽ ഒരിക്കൽ കൂടി സ്ഥല പരിശോധന നടത്തി മഹസർ തയ്യാറാക്കി അതിൻപ്രകാരം നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.രാജു.റ്റി, രഞ്ചു നിവാസ്, കുടുവിനാൽ.പി.ഒ, വള്ളിക്കുന്നം, മാവേലിക്കര പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.രാജു.റ്റി, രഞ്ചു നിവാസ്, കടുവിനാൽ.പി.ഒ, വള്ളികുന്നം, മാവേലിക്കര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 08-05-2026 09:45:00

സെക്ഷൻ ഓഫീസർ